(ബി) സംസ്ഥാനത്ത് എത്ര ഐ.എ.എസ്. കോച്ചിംഗ് സെന്ററുകൾ നിലവിലുണ്ട് ;

(സി) കൂടുതൽ ജില്ലകളിൽ പ്രസ്തുത സെന്ററർ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഐ.എ.എസ്. ഉദ്യോഗസ്ഥരിൽ 37 പേർ പട്ടികജാതിയിൽ പെട്ടവരും 10 പേർ പട്ടികവർഗ്ഗത്തിൽപെട്ടവരും ആണ്. ഐ.എഫ്.എസിൽ 14 പേർ പട്ടികജാതിയിൽ പെട്ടവരും 2 പേർ പട്ടികവർഗ്ഗത്തിൽപെട്ടവരുമാണ് സംസ്ഥാനത്തെ ഐ.പി.എസ്. ഉദ്യോഗസ്ഥരിലും, സംസ്ഥാന സർവ്വീസിൽ ഉള്ള ഉദ്യോഗസ്ഥരിലും എത്ര പേർ പട്ടികജാതിയിലും പട്ടികവർഗ്ഗത്തിലും ഉൾപ്പെടുന്നു എന്ന വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) & (സി) പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രധാനമായും പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരീക്ഷകളിൽ പങ്കെടുക്കുന്നതിനുള്ള പരിശീലന ക്ലാസ്സുകൾ തിരുവനന്തപുരത്ത് PTP നഗറിൽ പ്രവർത്തിച്ചുവരുന്ന Institute for Civil Services Examination Training Society എന്ന സ്ഥാപനത്തിൽ നൽകിവരുന്നുണ്ട്. ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

കാസർഗോഡ് ജില്ലയിലെ എൽ.ഡി. ക്ലാർക്കുമാരുടെ ഒഴിവുകൾ

40 [1555] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വിവിധ ഓഫീസുകളിൽ ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ എത്ര ഒഴിവുകളാണ് ഉള്ളതെന്നും ഏതൊക്കെ ഓഫീസുകളിൽ എത്ര വീതം ഒഴിവുകളുണ്ടെന്നും അറിയിക്കാമോ ;

(ബി) ഈ ഒഴിവുകളിൽ എത്രയെണ്ണം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഏതൊക്കെ ഓഫീസുകളിലെ ഒഴിവുകളാണ് റിപ്പോർട്ട് ചെയ്യാത്തതായി ഉള്ളതെന്നും അറിയിക്കാമോ ;

(സി) ഈ ഓഫീസുകളിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ), (ബി), (സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly